"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലാ പഞ്ചായത്ത് - ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകി 2023-24 വർഷത്തിൽ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.116/2025/LSGD തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.08.2024-ലെ LSGD/DP/ALP/95/2024TR നമ്പർ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2024-ലെ 8(11)-ാം നമ്പർ തിരുമാനവും
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.35
4. സ.ഉ.(സാധാ) നം.2563/2024/LSGD; തീയതി 30.12.2024

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2023-24 വർഷത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി, 'ട്രാൻസ്ജെന്റർ ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധന സഹായം നൽകൽ' എന്ന പ്രോജക്ട് (പ്രോ.നം 297/24) ഏറ്റെടുക്കുകയും, പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ രണ്ട് ട്രാൻസ്ജെൻഡർ സംരംഭങ്ങൾക്ക് 75% സബ്സിഡി നിരക്കിൽ 5,35,411/- രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പരാമർശം 1 മാർഗ്ഗരേഖ ഉത്തരവിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്കായി അനുവദിച്ച് നൽകാവുന്ന സബ്സിഡി/ ധനസഹായങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെട്ടിരുന്നില്ല എന്നും ആയതിനാൽ ട്രാൻസ്ജെന്റർ ഗ്രൂപ്പിലെ അംഗങ്ങൾ എല്ലാം തന്നെ ട്രാൻസ് വുമൺ വിഭാഗത്തിൽപ്പെടുന്നത് പരിഗണിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ സ്വയംതൊഴിൽ - സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ധനസഹായം അനുവദിച്ച് നൽകിയത് എന്നും ടി നടപടിക്ക് സാധൂകരണം ലഭ്യമാക്കണമെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതി പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീകൾ മാത്രമുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനം (പരമാവധി 3,75,000 രൂപ) ധനസഹായം നൽകാവുന്നത്, ട്രാൻസ്ജെന്റർ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ബാധകമാക്കി, പരാമർശം 4 പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി തുടങ്ങുന്ന യൂണിറ്റിനല്ല, മറിച്ച് നിലവിലുള്ള ഗ്രൂപ്പ് യൂണിറ്റുകൾക്കാണ് ആലപ്പുഴ ജില്ലാ

പഞ്ചായത്ത് ധനസഹായം നൽകിയിട്ടുള്ളത്. പുതിയ യൂണിറ്റുകൾക്കാണ് ധനസഹായം നൽകേണ്ടത് എന്നതിനാൽ, ഇത്തരം പിഴവുകൾ ഇനി ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ, 'ട്രാൻസ്ജെന്റർ ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധന സഹായം നൽകൽ' എന്ന പ്രോജക്ട് (പ്രോ.നം 297/24) 2023-24 വർഷത്തിൽ ഏറ്റെടുക്കുകയും അത് പ്രകാരം ധനസഹായം നൽകുകയും ചെയ്ത ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, ആലപ്പുഴ
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ
5. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ആലപ്പുഴ
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. ഡയറക്ടർ ജനറൽ, കില
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 15-01-2025 14:11:51